**സൈക്കിളിനെ കേന്ദ്രകഥാപാത്രമാക്കി 20 ലക്കങ്ങൾ നീണ്ടുനിന്ന യൂറോപ്യൻ യാത്രാനുഭവങ്ങൾ കേരളീയം വായനക്കാരുമായി പങ്കുവച്ച യാത്രികൻ സൈക്കിളിനോടുള്ള ആത്മബന്ധവും സൈക്കിളിനെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകളും വിവരിക്കുന്നു...**

**രാജു റാഫേൽ / പി. സലിംരാജ്**

# സൈക്കിൾ ഒരു സംസ്കാരമാണ്

**സൈക്കിൾ സവാരിയോട് ആഭിമുഖ്യം തോന്നിയ കുട്ടിക്കാലത്തെ ഓർമ്മിച്ചെടുക്കാമോ?**

തൃശൂർ നഗരത്തിൽനിന്നും അഞ്ച് കിലോമീറ്റർ അകലെ കുട്ടനെല്ലൂരാണ് എന്റെ നാട്. 1977 കാലത്ത് 4-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് സൈക്കിൾ ചവിട്ടാൻ പഠിക്കുന്നത്. വാടക സൈക്കിളാലായിരുന്നു പഠനം. കുട്ടനെല്ലൂരിലെ പ്രശസ്തമായ രണ്ട് സൈക്കിൾ റിപ്പയർ ഷോപ്പുകളാണ് പി.എസ്. ചന്ദ്രന്റേയും കരുവാൻ പാപ്പുവേട്ടന്റേയും. ഇവരുടെ കടകളിൽ സൈക്കിളുകൾ വാടകക്കും നൽകിയിരുന്നു. സൈക്കിൾ ഫ്രെയിമിന്റെ പണികളിൽ വിദഗ്ദ്ധനായ കരുവാൻ രാജേട്ടന്റെ കടയും കുട്ടനെല്ലൂരിൽ ഉണ്ടായിരുന്നു. അവിടേക്ക് ദൂരപ്രദേശത്തുനിന്നുപോലും സൈക്കിൾ ഫ്രെയിം ബെന്റ് തീർക്കാനും മറ്റും ആളുകൾ അന്വേഷിച്ച് വരും. അന്ന് സൈക്കിൾ വാടകക്ക് എടുക്കാൻ ഒരു മണിക്കൂറിന് ഇരുപത് പൈസയും അരമണിക്കൂറിന് പത്തുപൈസയുമാണ് നിരക്ക്. എന്റെ അയൽവാസികളും അൽപ്പം മുതിർന്ന കുട്ടികളുമായ മോഹൻദാസും രാജനും നന്നായി സൈക്കിളോടിക്കും. അവരുടെ ശിക്ഷണത്തിലായിരുന്നു ഞാൻ ഉൾപ്പെടെയുള്ള ചെറിയവരുടെ പഠനം. ഞങ്ങൾ അഞ്ച്, പത്ത് പൈസത്തുട്ടുകൾ ചേർത്ത് വെച്ച് ഒരു സംഖ്യ സ്വരൂപിച്ച്, ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും മൂന്നു നാല് മണിക്കൂറിന് സൈക്കിൾ വാടകക്ക് എടുക്കും. ഇങ്ങനെ സംഘം ചേർന്നാണ് പഠനം. വിശാലമായ പാടത്തിൽ ചെന്നവസാനിക്കുന്ന, എന്റെ വീടിനുമുന്നിലൂടെയുള്ള ഇടവഴിയിലൂടെ, ഓരോ റൗണ്ട് ഊഴമിട്ട് സൈക്കിൾ ചവിട്ടും. എന്റെ ഊഴവും കാത്ത് അക്ഷമയോടെ സൈക്കിളിനായി നിന്നത് ഇപ്പോഴും ഓർമ്മയുണ്ട്.

എന്റെ അച്ഛൻ തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ ജീവനക്കാരനായിരുന്നു. സൈക്കിളിലാണ് ജോലിക്ക് പോക്കുവരവ്. അഞ്ചാംക്ലാസ്സിൽ പഠിക്കുമ്പോൾ അച്ഛന്റെ സൈക്കിളിൽ വീട്ടുസാധനങ്ങൾ വാങ്ങിക്കൊണ്ടുവരാൻ കഷ്ടി ഒരു കിലോമീറ്റർ അകലെയുള്ള കുട്ടനെല്ലൂർ സെന്ററിൽ ഞാൻ പോകും. ഇടങ്കാലിട്ട് ചവിട്ടുക, ഡബിളും ത്രിബിളും വെക്കുക തുടങ്ങിയ ചെറിയ സാഹസങ്ങൾ ഞാൻ ചെയ്യാറുണ്ട്. ഇരുകൈയ്യും ഹാന്റിലിൽനിന്നുമെടുത്ത് സൈക്കിളോടിക്കാൻ ഞാൻ ശ്രമിച്ചിട്ടേയില്ല, ഭയംമൂലം. അങ്ങനെ സൈക്കിൾ ചവിട്ടുന്നവരോട് ഇപ്പോഴും അസൂയയാണ്.

അന്ന്, സ്കൂളിൽ അധ്യാപകർ മിക്കവരും സൈക്കിളിലാണ് വരിക. വിദ്യാർത്ഥികളാർക്കും സൈക്കിളില്ല. സൈക്കിളിന് ഒരു വി.ഐ.പി പരിവേഷമാണന്ന്. പൂച്ചട്ടിയിൽനിന്നും

തൃശൂരിൽനിന്നും അധ്യാപകർ സൈക്കിളിൽ വന്നിരുന്നു. ഒല്ലൂർ ഗവ.ഹൈസ്കൂൾ അധ്യാപകനായിരുന്ന വൈലോപ്പിള്ളിമാഷ് സൈക്കിളിൽ വന്നുപോകുന്നത് ഞാൻ കാണാറുണ്ട്. തൃശൂർ ദേവസ്വം ക്വാർട്ടേഴ്സിലുള്ള വീട്ടിൽ നിന്ന് ഒല്ലൂർക്ക് മാഷെന്നും സൈക്കിളിൽ സഞ്ചരിക്കും. നഗരവീഥിയിലൂടെ സൈക്കിൾ ഉന്തി നടന്നുപോകുന്നതും കാണാം. സൈക്കിൾ മെല്ലെ തള്ളിയും നിർത്തി ചാരിനിന്നും മാഷ് സൈക്കിളിനെ ഒരു സഹജീവിയെപ്പോലെ പരിചരിക്കുന്നത് ഞങ്ങൾ കുട്ടികൾ നോക്കി നിൽക്കാറുണ്ട്.

### ആദ്യമായി ഒരു സൈക്കിൾ സ്വന്തമാക്കിയ നിമിഷങ്ങൾ...

1985-ൽ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ മിക്ക കൂട്ടുകാർക്കും സൈക്കിൾ ഉണ്ട്. രണ്ടാംവർഷം പഠിക്കുമ്പോൾ തൊട്ടടുത്ത ഗ്രാമമായ ഇരവിമംഗലത്തെ സുബ്രഹ്മണ്യൻ എന്ന സർക്കാർ ജീവനക്കാരൻ സ്കൂട്ടർ വാങ്ങുന്നതിന് മുന്നോടിയായി സൈക്കിൾ വിൽക്കുന്നതായി ശങ്കരനാരായണൻ എന്ന സുഹൃത്തുവഴി അറിയാനിടയായി. ഞങ്ങൾ അദ്ദേഹത്തിന്റെ ഇല്ലത്ത് പോയി. 225 രൂപ വില പറഞ്ഞെങ്കിലും 215 രൂപക്ക് കച്ചവടം ഉറപ്പിച്ചു. ചെസ് ടൂർണമെന്റുകളിൽ പങ്കെടുത്ത് ലഭിക്കുന്ന പ്രൈസ് മണിയും മറ്റും കാശുകുടുക്കയിൽ ഇട്ട് സൂക്ഷിച്ചിരുന്നത് സ്വരൂപിച്ചാണ് സാമ്പത്തികം കണ്ടെത്തിയത്.

പിന്നീട്, പച്ചച്ചായം അടിച്ച ആ ബി.എസ്.എ സൈക്കിൾ എന്റെ ജീവിതത്തിന്റെ ഭാഗമായി മാറി. ഡിഗ്രിക്ക് സെന്റ് തോമസിൽ തന്നെ ചേർന്നത് സൈക്കിളിൽ പോയിവരാനുള്ള സൗകര്യം ഓർത്താണ്. കോളേജിൽ ഷിഫ്റ്റ് ഉണ്ട്. ബി.എ ക്ലാസ്സ് 8.30 മുതൽ 1.20 വരെയാണ്. 1.35ന് ഞാൻ വീട്ടിൽ തിരിച്ചെത്തും. ബസ്സിലാണ് മടങ്ങുന്നതെങ്കിൽ മൂന്നുമണിയെങ്കിലുമാകും. അര മണിക്കൂർ കൂടുമ്പോഴേ ആ റൂട്ടിൽ ബസ്സുള്ളൂ. സൈക്കിൾ മൂലം യാത്രാസമയം ലാഭിക്കാൻ സാധിച്ചു. മഴയായാലും സൈക്കിൾ ഉപേക്ഷിക്കില്ല. ബസ്സിൽ കൺസഷൻ ചാർജ്ജ് 10 പൈസ മാത്രമായിരുന്നു. തുടർന്ന് 15 പൈസയുമായി. ആ ചെലവും എനിക്ക് ബാധകമായില്ല. ചുരുക്കത്തിൽ ബിരുദപഠനകാലത്ത് സൈക്കിൾ എനിക്ക് തന്ന സ്വാതന്ത്ര്യം ചെറുതല്ല. അന്നത്തെ ഞങ്ങളുടെ ഇടവക പള്ളി പടവരാട് ആണ്. ആ പള്ളിയിലെ വികാരിയായി സ്ഥലം മാറിവന്ന ഫാദർ ജോസഫ് നല്ലൊരു ചെസ് കളിക്കാരനായിരുന്നു.ശാസ്ത്രീയമായി പരിശീലനവും നേടിയിട്ടുണ്ട്. അന്നൊക്കെ എല്ലാ വൈകുന്നേരവും ഞാൻ പള്ളിമേടയിൽ പോകും. ഫാദറിന്റെ കൂടെ ചെസ്സ് കളിക്കാൻ.



രാജു റാഫേൽ ആംസ്റ്റർഡാമിൽ

**ഒരു രാജ്യത്ത് ആകെ ജനങ്ങൾക്ക് എത്ര സൈക്കിൾ ഉണ്ടെന്നു നോക്കുന്ന അനുപാതമാണ് സൈക്കിൾ ഡെൻസിറ്റി. ഹോളണ്ടിൽ ഒരു കോടി 60 ലക്ഷം ജനങ്ങൾക്ക് ഒരു കോടി 30 ലക്ഷം സൈക്കിളുകളുണ്ട്. തലസ്ഥാനമായ ആംസ്റ്റർഡാമിൽ 25 ലക്ഷം ജനങ്ങളും 28 ലക്ഷം സൈക്കിളുകളുമാണുള്ളത്. ഇത്തരമൊരു സൈക്കിൾ സാന്ദ്രത കേരളത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല**

ഞങ്ങളുടെ ചെസ് കളിക്ക് ഇടയിൽ പലപ്പോഴും ആളുകൾ വന്ന് അച്ചനോട് മരണവീടുകളിലേക്കും മറ്റും അടിയന്തിരമായി എത്തുവാൻ പറയും. ഇത്തരം ഇടവക സന്ദർശനത്തിനായി ഫാദറിന് ഒരു മൊപ്പെഡ് ഉണ്ട്. പക്ഷെ മിക്കവാറും ദിവസങ്ങളിൽ അത് സ്റ്റാർട്ടാവില്ല. പിന്നെ എന്റെ സൈക്കിളായിരുന്നു അച്ചന്റെ ആശ്രയം. ഒരു പയ്യന്റെ സൈക്കിളിന്റെ പിന്നിലിരുന്നു പോകുന്ന ഫാദറിനെ കണ്ട്, ''ഈ പാതിരിക്ക് എന്തിന്റെ കേടാ?''എന്ന് ചിലരൊക്കെ പറയുന്നത് കേൾക്കാറുണ്ട്.

### മറുനാട്ടിലെ സൈക്കിൾ അനുഭവങ്ങൾ?

2010-ൽ ഹോളണ്ട്, ജർമ്മനി, ബെൽജിയം എന്നീ രാജ്യങ്ങളിലെ നിരവധി നഗരങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും ഞാൻ സൈക്കിളിൽ യാത്ര ചെയ്യുകയുണ്ടായി. ഹോളണ്ടിലെ ഹിൽവർസം എന്ന പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന റേഡിയോ നെതർലാന്റ് സിന്റെ ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു എന്റെ പഠനം. ഹോളണ്ട് ആണെങ്കിൽ ലോകത്തിലെ ഏറ്റവും മികച്ച സൈക്കിൾ ഫ്രെന്റ് ലി രാജ്യവും. ഞാൻ പഠിച്ചിരുന്ന റേഡിയോ നെതർലന്റ് സ് ട്രെയിനിംഗ് സെന്ററിലാണെങ്കിൽ ശനി, ഞായർ ദിവസങ്ങളിൽ ക്ലാസ്സ് ഇല്ലായിരുന്നു. ജോലി സംബന്ധമായി പശ്ചിമാഫ്രിക്കയിലേക്ക് പോയ ഒരു ഡെച്ചു ജേർണലിസ്റ്റിന്റെ സൈക്കിൾ അദ്ദേഹത്തിന്റെ സുഹൃത്ത് എനിക്ക് കടമായി തന്നത് വലിയ അനുഗ്രഹമായി. അതിൽ ഹോളണ്ടിലെ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ഞാൻ കറങ്ങി. ഹോളണ്ട് മുഴുവൻ പ്രത്യേകമായ സൈക്കിൾപ്പാതകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ പാതകൾ ജർമ്മനിയിലേക്കും ബൽജിയത്തിലേക്കും നീളുന്നു. കൊടുംകാടിന്

നടുവിലൂടെ വരെ സൈക്കിൾ ട്രാക്ക് ഉണ്ട്. ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഞാൻ സൈക്കിളിൽ ചുറ്റിക്കറങ്ങി.

ഡെച്ച് ജനതയിൽ ചെറുതല്ലാത്ത വിഭാഗം ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും കുടിയേറിയവരാണ്. പ്രത്യേകിച്ച് ഹേഗിലും മറ്റും. എന്നാൽ സൈക്കിളാണ് എല്ലാവരുടെയും തദ്ദേശീയമായ വാഹനം. സൈക്കിളിൽ കറങ്ങി നടന്നിരുന്ന എന്നെ തദ്ദേശീയനായിട്ടാണ് മറ്റുള്ളവർ കണ്ടത്. ഒരു പരിചയവും ഇല്ലാത്ത നഗരങ്ങളിൽ കൂടി സൈക്കിളിൽ കടന്ന് പോകുമ്പോൾ പലരും കാർ നിർത്തി എന്നോട് ഡെച്ചിൽ വഴി ചോദിക്കും. മറുപടി തട്ടിമൂളി ഞാൻ ഡെച്ചിൽ പറയും. ഇങ്ങനെ നിരന്തരമായ സൈക്കിൾ യാത്രയിലൂടെ അത്യാവശ്യം ഡെച്ചുഭാഷ വായിക്കാനും പറയാനും പഠിച്ചു. ഹോളണ്ടും ബെൽജിയവും ഫ്രാൻസും ജർമ്മനിയുമെല്ലാം യൂറോസോണിൽ പെട്ട രാജ്യങ്ങളായതു കൊണ്ട്, രാജ്യാർത്തികളിൽ ഇന്ത്യയുടെയും പാകിസ്ഥാൻരെയും അതിർത്തികളിൽ ഉള്ളതുപോലെ മുള്ളുവേലികളൊന്നും ഇല്ല. എന്നാൽ ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് കടന്നാൽ അവിടുത്തെ ഉദ്യോഗസ്ഥരുടെ വക ചെക്കിംഗ് ഉണ്ടാകും. പ്രത്യേകിച്ച് വിദേശികളുടെ യാത്ര രേഖകളൊക്കെ സൂഷ്മമായി പരിശോധിക്കും. അതുകൊണ്ട് മതിയായ രേഖകൾ സഹിതമായിരുന്നു എപ്പോഴും എന്റെ സഞ്ചാരം. എന്നാൽ സൈക്കിളിൽ അതിർത്തികൾ കടന്ന് പോയിരുന്ന എന്നെ, ലോക്കൽ എന്ന മുൻവിധിയാൽ ആകണം ആരും പരിശോധിക്കാറുണ്ടായിരുന്നില്ല. ഇതെനിക്ക് കൂടുതൽ സൈക്കിൾ യാത്രകൾക്കായി വല്ലാത്ത ഒരു ആവേശം പകർന്നുനൽകിയിരുന്നു.

അപരിചിതമായ ഇടങ്ങളിൽപ്പോലും ഞാൻ ഔട്ട്സൈഡർ ആയില്ല. ഇൻസൈഡർ എന്ന ഫീലിംഗ് തന്നത് സൈക്കിളാണ്. താമസസ്ഥലത്തുനിന്നും ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് എട്ട് കിലോമീറ്റർ ദൂരം സൈക്കിളിൽ പോയിവരും. കടുത്ത മൂടൽമഞ്ഞുള്ള ദിവസങ്ങളിൽ ഒഴികെ. അഞ്ച് മണിക്ക് ക്ലാസ്സു കഴിഞ്ഞാൽ സൈക്കിളിൽ അജ്ഞാതലക്ഷ്യങ്ങളിലേക്ക് കുതിക്കുകയായി. ഹോളണ്ടിൽ പൈതൃകകേന്ദ്രമായി പ്രഖ്യപിക്കപ്പെട്ട കാറ്റാടി ഗ്രാമങ്ങളിലും വലിയ സർവ്വകലാശാലകളിലും സൈക്കിളിനുമാത്രമേ പ്രവേശനമുള്ളു. മുഖ്യമായും മലിനീകരണം നിയന്ത്രിക്കാനാണിത്.

**സൈക്കിൾ കേരളജനതയുടെ ജീവിതത്തിന്റെ മുറിച്ചുമാറ്റാനാവാത്ത ഭാഗം ആയിരുന്നിട്ടുണ്ടോ? എന്തുകൊണ്ട്?**

കേരളത്തിൽ സൈക്കിൾ സംസ്കാരമില്ല. ആലപ്പുഴ ജില്ലയിലും മറ്റുജില്ലകളിലെ തീരപ്രദേശത്തും സൈക്കിൾ ഉപയോഗം കുറച്ചേറെ ഉണ്ടായിരുന്നുവെന്ന് പറയാം. ഭൂമിശാസ്ത്രപരമായ പ്രത്യേകതയാകാം കാരണം. കേരളത്തിൽ മോട്ടോർവാഹനങ്ങളുടെ അതിവിപ്ളവം (mass motorization) സൈക്കിൾ ജീവിതത്തെ നശിപ്പിച്ചു എന്നാണ് കരുതേണ്ടത്. പണ്ട് സൈക്കിൾ ആഢ്യത്വത്തിന്റെ ലക്ഷണമായി വിശ്വസിക്കപ്പെട്ടിരുന്നു. ഇംഗ്ലണ്ടിൽനിന്നും ഇറക്കുമതിചെയ്ത ഹംബർ സൈക്കിളിനോട് ചേർന്ന് പോസുചെയ്ത് നിൽക്കുന്ന തിരുവിതാംകൂർ രാജ്യകൊട്ടാരത്തിലെ ഒരു ഇളംമുറ തമ്പുരാന്റെ ഫോട്ടോ തിരുവനന്തപുരത്തെ ഒരു സ്റ്റുഡിയോയിൽ കണ്ടതോർക്കുന്നു. കണ്ടോ എന്റെ സൈക്കിൾ എന്ന അഭിമാനമായിരുന്നു ആ ഫോട്ടോയുടെ വികാരം. അത്തരം അഭിനിവേശങ്ങൾ ഇന്ന് മറ്റുപലതിനും വഴിമാറി.

ഒരു രാജ്യത്ത് ആകെ ജനങ്ങൾക്ക് എത്ര സൈക്കിൾ ഉണ്ടെന്നു നോക്കുന്ന അനുപാതമാണ് സൈക്കിൾ ഡെൻസിറ്റി. ഹോളണ്ടിൽ ഒരു കോടി 60 ലക്ഷം ജനങ്ങൾക്ക് ഒരു കോടി 30 ലക്ഷം സൈക്കിളുകളുണ്ട്. തലസ്ഥാനമായ ആംസ്റ്റർഡാമിൽ 25 ലക്ഷം ജനങ്ങളും 28 ലക്ഷം സൈക്കിളുകളുമാണുള്ളത്. ഇത്തരമൊരു സൈക്കിൾ സാന്ദ്രത കേരളത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. അതുപോലെ ഒരു ശരാശരി ഡെച്ചു പൗരൻ തന്റെ ആകെ യാത്രയുടെ നാൽപത് ശതമാനവും നടത്തുന്നത് സൈക്കിളിലാണ്. ജോലി, പള്ളി, ചന്ത, വിദ്യാലയം, ബന്ധുവീടുകൾ, മറ്റു പര്യടനങ്ങൾ എന്നീ ദൈനംദിനയാത്രകൾക്കായി ഹോളണ്ടുകാർ സൈക്കിളിനെ ആശ്രയിക്കുന്നു. സൈക്കിൾ സംസ്കാരവും സൈക്കിൾ ടൂറിസവും ഹോളണ്ടിൽ സർക്കാർ പ്രമോട്ട് ചെയ്യുന്നുണ്ട്. സഞ്ചാരികൾക്ക് റെയിൽവേ തന്നെ സൈക്കിളുകൾ വാടകക്ക് നൽകും. വാടകക്ക് നൽകാനായി 8,000 സൈക്കിളുകൾ ആംസ്റ്റർഡാം റെയിൽവേ സ്റ്റേഷനിൽ തന്നെയുണ്ട്. സൈക്കിൾ വാടകക്കുകൊടുക്കൽ ഒരു വൻവ്യവസായമാണ് അവിടെ. ചെറിയ കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധർക്കും വേണ്ടുന്ന സൈക്കിളുകൾ വാടകക്ക് ലഭിക്കും. ഇത്രയും പറഞ്ഞത് കേരളവുമായി തുലനംചെയ്ത് നോക്കുവാനാണ്. നമുക്ക് ഇത്തരം ശീലങ്ങളില്ല. സൈക്കിൾ ജീവിതത്തിന്റെ ഭാഗമായ ഒരു കാലഘട്ടം നമ്മുടെ ചരിത്രത്തിലില്ല.

**മലയാളികൾ ഭാവികാലത്ത് സൈക്കിളിനെ വേണ്ടത്ര പ്രയോജനപ്പെടുത്താനുള്ള സാധ്യതയുണ്ടോ?**

സാധ്യതയുണ്ട്. ഇഷ്ടം കൊണ്ടല്ല, നിർബന്ധിതമായ ഒരവസ്ഥ സംജാതമായതുകൊണ്ട്! ഇപ്പോൾ നോക്കുക, ഓരോ തവണ പെട്രോൾ വില വർദ്ധിക്കുമ്പോഴും പിറ്റേന്ന് രാവിലെ റോഡിൽ കൂടുതൽ സൈക്കിളുകൾ കാണപ്പെടുന്നു. ലഭ്യത കുറഞ്ഞുവരുന്ന പെട്രോളിന് വില ഇനി വർദ്ധിക്കുകയേയുള്ളു. ഈ പശ്ചാത്തലത്തിൽ സൈക്കിളിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം സർക്കാർ കൈകൊള്ളണം. സൈക്കിൾ യാത്രികർക്ക് പ്രത്യേക ട്രാക്ക് റോഡുകളിൽ ഉണ്ടാക്കണം. അപകടം പേടിച്ചുകൊണ്ടാണ് ഞാനടക്കമുള്ളവർ കേരളത്തിൽ സൈക്കിളിൽ സഞ്ചരിക്കുന്നത്. ഓരോ നഗരത്തിലും ഉൾക്കൊള്ളാവുന്നത്ര വാഹനങ്ങൾക്കേ പെർമിറ്റ് നൽകാൻ പാടുള്ളു. ഒന്നിലധികം കാറുകൾ വാങ്ങുന്നവരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കണം. ഇതിനൊന്നും കേരളീയർക്ക് മനസ്സില്ല, സന്നദ്ധതയുമില്ല.

**നമ്മുടെ നാട്ടിൽ പെൺകിടാങ്ങൾ യൗവ്വനത്തിലേക്ക് കടന്നാൽ സൈക്കിൾ സവാരി ഉപേക്ഷിക്കുന്നു. മുതിർന്ന സ്ത്രീകൾ സൈക്കിൾ ഉപയോഗിക്കാറേ ഇല്ല. ഇതൊരു വൈപരീത്യമല്ലേ?**

സൈക്കിൾ ഉപയോഗിക്കാൻ കേരളത്തിലെ സ്ത്രീകൾ വിമുഖരാണ്. സൈക്കിൾ അന്തസ്സും ആഭിജാത്യവുമില്ലാത്ത യാത്രാമാധ്യമമാണെന്ന പൊതുബോധത്തിലാണ് അവരിപ്പോഴും. കാറിനാണ് കുലീനത. സൈക്കിൾ ഒരു മൂന്നാംലോക പൗരൻ. തമിഴ്നാട്ടിൽ ജയലളിതസർക്കാർ എല്ലാ പെൺകുട്ടികൾക്കും സൗജന്യമായി സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായുള്ള ഈ നടപടി തമിഴ് പെൺകുട്ടികൾക്ക് നൽകിയ സഞ്ചാര സ്വാതന്ത്ര്യം


സൈക്കിൾ ചവിട്ടുന്ന ഗാന്ധി

**ഗാന്ധിയൻ ജീവിതമാതൃകയിൽ ഉൾപ്പെടുന്നതാണ് സൈക്കിൾ. ഏറ്റവും ലളിതമായ യാത്രാമാധ്യമം. ഒരു വ്യക്തിക്ക് അനിവാര്യമായ സ്വാശ്രയബോധം അത് പകരുന്നു. അഹിംസയുടെ സൂചകമാണത്. നമ്മൾ ചർക്കയെ കാണുന്നതുപോലെ മഹത്തായ ഗാന്ധിയൻ സന്ദേശമായി സൈക്കിളിനെയും കാണണം**

വലുതാണ്.

കേരളത്തിൽ സൈക്കിൾ ചവിട്ടാൻ വിമുഖത കാണിക്കുന്ന സ്ത്രീകൾ പഠനത്തിന്റേയോ ജോലിയുടേയോ ഭാഗമായി മറുനാട്ടിൽ പോയാൽ, ആവശ്യമെങ്കിൽ, സൈക്കിൾ പഠിക്കുകതന്നെ ചെയ്യും. എനിക്ക് പരിചയമുള്ള ഒരു സർവ്വകലാശാല അധ്യാപിക 45-ാംവയസ്സിൽ സൈക്കിൾ വളരെ കഷ്ടപ്പെട്ട് പഠിക്കുന്നത് കണ്ടപ്പോൾ കൗതുകം തോന്നി. ലക്നോവിലാണ് അവർ പിഎച്ച്.ഡി ചെയ്യുന്നത്. ഒരു ഡിപ്പാർട്ട്മെന്റിൽനിന്ന് മറ്റൊന്നിലേക്കും ലൈബ്രറിയിലേക്കും മറ്റും പോയിവരാൻ ആ യൂണിവേഴ്സിറ്റി ക്യാംപസിൽ സൈക്കിൾ അത്യാന്താപേക്ഷിതമാണ്. അതുകൊണ്ട് അവധിക്കാലത്ത് നാട്ടിൽ വന്നപ്പോൾ സൈക്കിൾ പഠിക്കാമെന്നുവെച്ചതാണ് ആ ടീച്ചർ. എന്റെ ഭാര്യ ബിൻസി ബാംഗ്ളൂരിലെ നിംഹാൻസിൽ എം.എഫിൽ പഠിക്കുന്ന കാലത്ത് സൈക്കിൾ ഉപയോഗിക്കുമായിരുന്നു. ഇപ്പോൾ അധ്യാപികയാണ്. സ്കൂളിലേക്ക് സൈക്കിളിൽ പോകണമെന്ന് ആഗ്രഹമുണ്ടെങ്കിലും ഒരു മടി. നമ്മുടെ നാട്ടിൽ കുട്ടികൾ സൈക്കിളിൽ വരുമെങ്കിലും അധ്യാപികമാർ സൈക്കിളിൽ വരുന്ന പതിവില്ലല്ലോ.

**യാത്രാവാഹനം എന്ന നിലയിലല്ലാതെ ശാരീരികവ്യായാമത്തിനുവേണ്ടിയും സൈക്കിൾ ഉപയോഗിക്കാം. അനാരോഗ്യവാനായ മലയാളി ഇതേപ്പറ്റി ബോധവാനാണോ?**

മലയാളി അറിയാത്തതുകൊണ്ടൊന്നുമല്ല. മനോഭാവമാണ് പ്രശ്നം. 40,000 രൂപയുടെ ട്രെഡ് മിൽ വാങ്ങി അതിൽ നടക്കുക എന്നതാണ് ഫാഷൻ. സൈക്കിൾ ചവിട്ടുന്നത് കുറച്ചിലാണെന്ന് അന്ധവിശ്വാസം. സൈക്കിൾ ഒരു ജീവിതശൈലിയാക്കിയ ഹോളണ്ടിൽ പൊണ്ണത്തടി, പ്രെഷർ, കൊളസ്ട്രോൾ തുടങ്ങിയ രോഗങ്ങളുടെ തോത് വളരെ കുറവാണെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**സൈക്കിൾ ഒരു അയിത്തക്കാരനെപ്പോലെയാണ് റോഡുകളിൽ. ആട്ടിയകറ്റപ്പെടേണ്ട ഒരനാവശ്യവസ്തുവായി ഹൈവേകളിൽ സൈക്കിൾ. എന്തുകൊണ്ട് ഈ വിവേചനം?**

സൈക്കിളോടിക്കുന്നവനെ ഒരു ധർമ്മക്കാരൻ എന്ന കണ്ണോടെയാണ് കാറിലുള്ളവർ കാണുക. സാമൂഹ്യമായ ഒരു കാഴ്ചപ്പാടില്ലാത്തതിന്റെ പ്രശ്നമാണിത്. സാമാന്യമര്യാദയോ സഹജീവിസ്നേഹമോ സൈക്കിൾ യാത്രികനോട് ആരും കാണിക്കാറില്ല. സൈക്കിൾ ഒരു ജീവിതസംസ്കാരമായി ഒരു ജനത സ്വീകരിച്ചാലേ ഇത്തരം അവഗണനകൾ അവസാനിക്കൂ. ഹോളണ്ടിലൊക്കെ വലിയ ട്രക്കർ ലോറികൾ സൈക്കിൾ കടന്ന് പോകാനായി കാത്തുനിൽക്കുന്നത് കാണാം. സിഗ്നൽ ഇല്ലാത്ത ജംഗ്ഷനുകളിൽ റോഡ് ക്രോസ് ചെയ്യുന്നതിന് സൈക്കിളുകാർക്കാണ് മുൻഗണന. അവർ സൈക്കിൾ യാത്രികനോട് കാണിക്കുന്ന കരുതലിൽ വലിയവൻ ചെറിയവനോട് കാണിക്കേണ്ട സാമൂഹ്യ നീതിയുണ്ട്. മറ്റു വാഹനങ്ങളുടെ ഡ്രൈവർമാർ സ്റ്റിയറിംഗിന് പിന്നിൽനിന്ന് എണീറ്റാൽ ആശ്രയിക്കുന്നത് അവിടെ സൈക്കിളിനെ ആണ്. അതുകൊണ്ട് അവർ സ്വാഭാവികമായും സൈക്കിളിന് അർഹമായ പരിഗണന കൊടുക്കും. നമ്മുടെ നാട്ടിൽ കാറോ മോട്ടോർ സൈക്കിളോ വാങ്ങിച്ചാൽ പിന്നെ ജീവിതത്തിൽ ഒരിക്കലും സൈക്കിൾ ഉപോയോഗിക്കില്ല. വലിയ ട്രക്കുകളിലെയും ബസ്സിലെയും ഡ്രൈവർമാർ സൈക്കിൾ ഉപയോഗിക്കാറേ ഇല്ല. അതുകൊണ്ടാവണം ഇത്ര പുച്ഛവും പരിഹാസവും.

**മനുഷ്യന്റെ സഞ്ചാരചരിത്രത്തിൽ സൈക്കിളിന്റെ സ്ഥാനമെന്താണ്?**

മാനവരാശിയുടെ സഞ്ചാരപഥത്തിലെ ആണിക്കല്ല് ചക്രം കണ്ടുപിടിച്ചതാണ്. ചക്രം ഉപയോഗിച്ചുള്ള യാത്രാപഥത്തിൽ ഏറ്റവും പ്രയോജനകരമായ കണ്ടെത്തൽ സൈക്കിൾ ആണെന്നാണ് എന്റെ തോന്നൽ. 200 വർഷമേ സൈക്കിൾ കണ്ടുപിടിച്ചിട്ടാകുന്നുള്ളു. എങ്കിലും ലോകചരിത്രത്തിൽ വളരെ മഹത്തായ ഒരു ഈടുവെയ്പ്പാണ് അത്. മനുഷ്യർ ഉണ്ടാകുന്നിടത്തോളം സന്തതസഹചാരിയായി സൈക്കിളും ഉണ്ടാകും. പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ തീർന്നുപോകുമെന്ന നിമിഷത്തിൽ മോട്ടോർ വാഹനങ്ങൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷ്യമായേക്കാം. എങ്കിലും മനുഷ്യനുള്ള കാലത്തോളം സൈക്കിൾ ഉണ്ടാകും. യുദ്ധവും ക്ഷാമ

വും സാമ്പത്തികമാന്ദ്യവും ഊർജ്ജപ്രതിസന്ധിയുമെല്ലാം ലോകഗതി മാറ്റിമറിച്ചേക്കാം. ഇന്ധനം ലഭിക്കാത്തതുകൊണ്ട് വാഹനങ്ങൾ ഉപയോഗശൂന്യമായേക്കാം. അങ്ങനെ സംഭവിച്ചാൽ അതിനെ അതിജീവിക്കുക സൈക്കിൾ മാത്രമായിരിക്കും.

**സൈക്കിൾ ഒരു ഗാന്ധിയൻ യാത്രാമാധ്യമമാണോ? ഗാന്ധിജി സൈക്കിൾ ചവിട്ടുമായിരുന്നു. നവോത്ഥാന-ദേശീയപ്രസ്ഥാനത്തിന്റെ ചൈതന്യമുള്ള സൈക്കിളിൽ അനേകം സാംസ്കാരിക-രാഷ്ട്രീയവിവക്ഷകൾ ഉള്ളടക്കം ചെയ്തിരിക്കുന്നില്ലേ?**

യാതൊരു തർക്കവുമില്ല, സൈക്കിളിൽ ഒരു ഗാന്ധിയൻ സോഷ്യലിസ്റ്റ് അന്തർധാര അടങ്ങിയിരിക്കുന്നു. വലിയതും ആർഭാടകരവുമായ വാഹനങ്ങൾ ഗാന്ധിയൻ കാഴ്ചപ്പാടിലില്ല. ഗാന്ധിയൻ ജീവിതമാതൃകയിൽ ഉൾപ്പെടുന്നതാണ് സൈക്കിൾ. ഏറ്റവും ലളിതമായ യാത്രാമാധ്യമം. ഒരു വ്യക്തിക്ക് അനിവാര്യമായ സ്വാശ്രയബോധം അത് പകരുന്നു. അഹിംസയുടെ സൂചകമാണത്. നമ്മൾ ചർക്കയെ കാണുന്നതുപോലെ മഹത്തായ ഗാന്ധിയൻ സന്ദേശമായി സൈക്കിളിനെയും കാണണം. വഞ്ചി, പായക്കപ്പൽ എന്നീ ജലയാത്രാവാഹനങ്ങൾപോലെ സൈക്കിളും ഒരു മലിനീകരണവും വരുത്തുന്നില്ല. അത് ഒരു ജീവിതസംസ്കാരമാണ്.

**സൈക്കിളിനെ ഫോക്കസ് ചെയ്തുകൊണ്ടുള്ള യാത്രാവിവരണമാണ് 20 ലക്കങ്ങളിലായി കേരളീയത്തിൽ വന്ന ആംസ്റ്റർഡാമിലെ സൈക്കിളുകൾ. മലയാളത്തിൽ ആദ്യമായിട്ടാണ് സൈക്കിളിനെ മുൻനിർത്തിയുള്ള ഒരു കാഴ്ചപ്പാട്. എന്തായിരുന്നു രചനാനുഭവം?**

യൂറോപ്പിൽ പോകുമ്പോൾ യാത്രാവിവരണം എഴുതണമെന്ന ഉദ്ദേശ്യമുണ്ടായിരുന്നില്ല. ബ്ലോഗിൽ പോലും എഴുതി ശീലമില്ല. അതുകൊണ്ട് യാത്രാമധ്യേ അപ്പപ്പോൾ കുറിപ്പുകൾ എടുത്തിരുന്നില്ല. പഠനത്തിന്റെ ഭാഗമായി അക്കാദമിക്കായ വസ്തുതകൾ ശേഖരിച്ചിരുന്നു. എഴുതിത്തുടങ്ങിയപ്പോൾ പലതും ഓർമ്മയിലേക്കെത്തി. ഹോളണ്ടിന്റെ പ്രതീകമാണ് സൈക്കിൾ. ആ ദേശീയതയുടെ സംസ്കാരസമൃദ്ധിയും സ്വത്വസവിശേഷതയും സൈക്കിളിലൂടെ നോക്കിക്കണ്ടു. പലരും നിർബന്ധിച്ചതുകൊണ്ട് ഇപ്പോൾ ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്, മിക്കവാറും ഒക്ടോബറിൽ.

**താങ്കളുടെ സൈക്കിൾ യാത്രാസ്വപ്നങ്ങൾ പങ്കുവെയ്ക്കാമോ?**

കേരളവനഗവേഷണകേന്ദ്രത്തിൽ രണ്ടുവർഷത്തോളം ഗവേഷണസഹായിയായി ജോലി നോക്കിയ കാലത്ത് കേരളത്തിലെ ഗ്രാമങ്ങളിലെ വനവൃക്ഷസമ്പത്തിനെ കുറിച്ച് പഠിക്കാനുള്ള പദ്ധതിയുടെ ഭാഗമായി ആയിരത്തിലധികം ഗ്രാമങ്ങൾ സന്ദർശിച്ചു. അതുപോലെ സൈക്കിളിൽ എല്ലാ കേരളീയഗ്രാമങ്ങളും കാണണമെന്നുണ്ട്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളായ അർജന്റീന, ബ്രസീൽ എന്നിവിടങ്ങളിലൂടെ സൈക്കിൾ യാത്ര എന്റൊരു സ്വപ്നമാണ്. റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗ് എന്ന നഗരത്തിൽനിന്നും ഫിൻലന്റിലേക്ക് സൈക്കിളിൽ പോകണമെന്നും ആഗ്രഹമുണ്ട്. സൈക്കിൾ യാത്ര ഇഷ്ടപ്പെടുന്നവരുടെ കൂട്ടായ്മയായി തൃശൂരിൽ ഒരു സൈക്കിൾ ക്ലബ്ബ് തുടങ്ങണമെന്നും ആശിക്കുന്നു.

# പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

**ബി. സുഗതകുമാരി**

**നിങ്ങൾ** അടിയന്തിരമായി ഇടപെടേണ്ട ഒരു പ്രധാനകാര്യം വന്നിരിക്കുന്നു. നമുക്ക് എന്നും ഉണ്ണാൻ ചോറുവേണം. കൂട്ടാൻവെയ്ക്കാൻ പച്ചക്കറികൾ വേണം. ചോറുണ്ണണമെങ്കിൽ നെല്ലുവേണം. നെല്ലുണ്ടാകാൻ വയലുകൾ വേണം. കേരളത്തിൽ നിറയെ നിറയെ വിശാലമായ വയലുകൾ ഉണ്ടായിരുന്നു. നിറയെ കൃഷിയുണ്ടായിരുന്നു. കുറെ വർഷങ്ങളായി അതെല്ലാം മാറിപ്പോയി. എല്ലാവരും തിരക്കിട്ട് വയൽ നികത്തുകയാണ്. വലിയ വലിയ കെട്ടിടങ്ങൾ വെയ്ക്കുകയാണ്.

അപ്പോൾ നാം ഉണ്ണുന്ന ചോറോ? ആന്ധ്രയിൽ നിന്നും വരണം. ആന്ധ്രക്കാർ ഏതെങ്കിലും കാരണവശാൽ തന്നില്ലെങ്കിലോ? നാം പട്ടിണി. തമിഴ്നാട്ടുകാർ പച്ചക്കറി തന്നില്ലെങ്കിലോ? വിഷയമായി. അപ്പോൾ നാം ബാക്കിയുള്ള വയലുകളെങ്കിലും സംരക്ഷിച്ചു കൃഷി ചെയ്യുകയല്ലേ വേണ്ടത്? വയലുകൾ കൊണ്ട് വേറെയുമുണ്ട് ഗുണങ്ങൾ. പെയ്യുന്ന മഴവെള്ളമെല്ലാം പിടിച്ചു വെയ്ക്കുന്ന ജല സംഭരണികളാണവ. ആ വെള്ളം കെട്ടിനിന്ന് ഭൂമിക്കടിയിലേക്ക് താണിറങ്ങും. ഭൂഗർഭജലമായി മാറും. ആ വെള്ളം ഊറ്റുകളായി നമ്മുടെ കിണറുകളെയും കുളങ്ങളെയും പുഴകളെയുമെല്ലാം പോഷിപ്പിച്ചുകൊണ്ടിരിക്കും. കേരളത്തിൽ നല്ല വെള്ളത്തിന് കടുത്ത ബുദ്ധിമുട്ട് വരാൻ പോകുകയാണ്. അതിന് പ്രതിവിധിയാണ് വയലുകളും തണ്ണീർത്തടങ്ങളും.

ഇനിയുമുണ്ട് ഒരുപാട് ഗുണങ്ങൾ വയലിനെക്കൊണ്ട്. നൂറു നൂറു ജീവികളുടെ വീടാണ് വയലുകൾ. മാനത്തുകണ്ണികൾ, തവളകൾ, ഒച്ചുകൾ, ഞാഞ്ഞൂലുകൾ, നീർച്ചിലന്തികൾ, വിട്ടിലുകൾ, പച്ചക്കുതിരകൾ, ചീവീടുകൾ, മിന്നാമിനുങ്ങുകൾ. പിന്നെ തുമ്പികൾ, തേനീച്ചകൾ, ശലഭങ്ങൾ, ഓന്തുകൾ, അരണകൾ... ഇങ്ങനെ ആരെല്ലാമുണ്ടെന്നോ? ജെ.സി.ബി വന്ന് കുന്നിടിച്ച് മണ്ണടിച്ചുകൊണ്ട് വന്നിട്ട് വയൽ നികത്തുമ്പോൾ പിടഞ്ഞു ചാവുന്നത് ഇവരെല്ലാമാണെന്ന് നിങ്ങൾ അറിയണം. നിങ്ങളെപ്പോലെ തന്നെ ജീവിക്കാൻ അവകാശമുള്ളവരാണ് അവരെല്ലാം.

വയലുകൾ ഒരുപാട് മനുഷ്യർക്ക്, പ്രത്യേകിച്ച് പെണ്ണുങ്ങൾക്ക് തൊഴിൽ നൽകുന്നു. വെള്ളപ്പൊക്കം തടയുന്നു. അഴകു കൊണ്ട് കണ്ണും കരളും കുളിർപ്പിക്കുന്നു. നമ്മുടെ മുറ്റങ്ങളിൽ പൊന്നുപോലുള്ള നെല്ല് കുന്നുകൂടുന്നു. നമ്മുടെ പശുക്കൾക്ക് വയറുനിറയ്ക്കാൻ വയ്ക്കോലും പുല്ലും നൽകുന്നു. കൂടാതെ ഒരുപാട് സസ്യങ്ങളുണ്ട് വയൽവരമ്പുകളിൽ. കാക്കപ്പൂവും കണ്ണാന്തളിയും തുമ്പയും തെച്ചിയും കദളിയുമൊക്കെ ചന്തം തികഞ്ഞുനിൽക്കുന്നു. ഒരു നൂറു പച്ച മരുന്നുചെടികൾ തഴച്ചുവളരുന്നു. വയലുകൾ കേരളത്തിന്റെ ഐശ്വര്യമാണ്, അനുഗ്രഹമാണ്. എന്നാൽ, അവയെല്ലാം അതിവേഗം നശിച്ചുകൊണ്ടിരിക്കുകയാണ് എന്ന് കുട്ടികൾ മനസ്സിലാക്കണം. തെറ്റായ വികസന പരിപാടികളും ചേറിൽ പണിയെടുക്കാനുള്ള മലയാളിയുടെ മടിയും കൂടുതൽ പണം കിട്ടാനുള്ള ആർത്തിയുമാണ് പ്രധാന നാശകാരണങ്ങൾ. നികത്തലിനെതിരെയുള്ള നിയമങ്ങളെല്ലാം ലംഘിക്കപ്പെടുന്നു. കയ്യൂക്കുള്ളവർ, പണക്കരുത്തുള്ളവർ, വയലുകളും തണ്ണീർത്തടങ്ങളും പുഴയോരങ്ങളുമെല്ലാം കയ്യേറി നികത്തുന്നു.

നിങ്ങൾ ഇതേപ്പറ്റി ആലോചിക്കുണം: അന്നത്തേക്കാൾ വെള്ളത്തേക്കാൾ വിലപ്പെട്ടതൊന്നുമില്ലെന്നറിയണം. എന്നിട്ട് നമ്മുടെ ബഹുമാനപ്പെട്ട പ്രിയ മുഖ്യമന്ത്രിക്ക് കത്തുകൾ എഴുതണം. റിസോർട്ടുകളും വിമാനത്താവളങ്ങളും കമ്പനികളുമല്ല പ്രധാനം; അന്നവും വെള്ളവുമാണ് എന്ന്. കേരളത്തിലെ കുട്ടികൾക്ക് വേണ്ടി ബാക്കിയുള്ള നെൽവയലുകൾ രക്ഷിക്കണേയെന്ന് നിർബന്ധമായി വിളിച്ചുപറയണം. കുഞ്ഞുങ്ങൾ അപേക്ഷിച്ചാൽ തീർച്ചയായും അദ്ദേഹം കേൾക്കും. ഈശ്വരൻ എന്റെ കുഞ്ഞുങ്ങളെ അനുഗ്രഹിക്കട്ടെ.

*(ലോക പരിസ്ഥിതിദിനത്തിൽ കേരളത്തിലെ കുഞ്ഞുങ്ങളോടുള്ള സുഗതകുമാരിയുടെ അഭ്യർത്ഥന).*